# സ്വഹാബികൾ അംഗുലീ പരിമിതരോ?

## ശൈഖ് മുഹമ്മദ് സ്വലാഹ് മുഹമ്മദ് അസ്സ്വാവി

വിവ. കബീർ എം. പറളി

യഥാർഥ വിശ്വാസികളെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തിയ, സന്മാർഗികൾ, വിജയികൾ, ജേതാക്കൾ, സത്യസന്ധർ എന്നിങ്ങനെ അല്ലാഹു തന്നെ പറഞ്ഞു പുകഴ്ത്തിയ സ്വഹാബീ സമൂഹം -പ്രതിയോഗികളുടെ ജൽപനം പോലെ- കേവലം അല്പമാളുകളുടെ കൂട്ടം മാത്രമായിരുന്നു എന്നത് നേരാകുമൊ?! വിജയകരമായ ആദർശ പ്രബോധനത്തിനൊ, മഹത്തായ ഒരു രാഷ്ട്രനിർമ്മാണത്തിനൊ സാധിച്ചിട്ടില്ലാത്ത അംഗുലീ പരിമിതരായിരുന്നുവോ അവർ?! അതല്ല, സുശക്തരും സുസജ്ജരുമായ ഒരു വൻസൈന്യം തന്നെയായിരുന്നുവൊ അവർ?! അതെ, ഈ പറഞ്ഞതാണു ശരി. സത്യമത പ്രബോധനത്തിന് അല്ലാഹുവിനാൽ സഹായം ലഭിച്ച വലിയ സംഘമായിരുന്നു അവർ. അവരുടെ ചുമലുകളിലാണ് ഒരു ഇസ്‌ലാമിക രാഷ്ട്രത്തിന് അല്ലാഹു അടിത്തറ പാകിയത്! ഖുർആനിക സൂക്തങ്ങളും, അറിയപ്പെട്ട ചരിത്ര വസ്തുതകളും, പ്രഥമിക വിശകലനങ്ങളും നമുക്ക് നൽകുന്ന യാഥാർഥ്യമാണ് ഇത്.

അല്ലാഹു തആല പ്രവാചക തിരുമേനിക്കു നൽകിയ അനുഗ്രഹമെടുത്തു പറഞ്ഞിടത്ത്, 'തന്റെ സഹായം കൊണ്ടും സത്യവിശ്വാസികളെ കൊണ്ടും' അദ്ദേഹത്തിനവൻ ശക്തിപകരുകയുണ്ടായി എന്ന് പ്രസ്താവിച്ചത് കാണാനാകും. ആ പ്രസ്താവന കാണുക:

﴿وَإِنْ يرِيدوا أَنْ يخدعوك فَإِن حسبك الله هو الذي أَيدك بِنصره وبِالْمؤمنِين﴾ (الأنفال: 62 )

ഇനി അവർ നിന്നെ വഞ്ചിക്കാൻ ഉദ്ദേശിക്കുന്ന പക്ഷം തീർച്ചയായും നിനക്ക് അല്ലാഹു മതി. അവനാണ് അവന്റെ സഹായം മുഖേനയും, വിശ്വാസികൾ മുഖേനയും നിനക്ക് പിൻബലം നൽകിയവൻ. (അൻഫാൽ: 62)

ഈ വിശുദ്ധ സൂക്തത്തിൽ അല്ലാഹു സൂചിപ്പിച്ച മുഅ്മിനുകൾ ആരാകും? സംശയമില്ല, പ്രവാചകന്റെ സ്വഹാബികൾ തന്നെ. വിജയം കരഗതമാകും വിധം ഇസ്‌ലാമിന്റെ ശത്രുക്കളെ നേരിടാനുള്ള വൻ ശക്തിയായി നിലകൊണ്ട പ്രസ്തുത സ്വഹാബികൾ, അതിനു മതിയാംവണ്ണം അംഗബലമുള്ളവർ തന്നെയാകണം. അല്ലെങ്കിൽ അവരെ സംബന്ധിച്ച ഈ ഖുർആനിക പ്രസ്താവന വെറും ഫലശൂന്യമായ പാഴ്‌വാക്കായിത്തീരുന്നതാണ്. അല്ലാഹുവിന്റെ വചനങ്ങൾക്ക് ആ അവസ്ഥ സംഭവിക്കുകയില്ല.

ബദറിൽ പങ്കെടുക്കുകയും അല്ലാഹുവിന്റെ ആശംസകൾക്ക് വിധേയമാവുകയും ചെയ്ത സ്വഹാബികളെപ്പറ്റി മുമ്പ് നാം പ്രസ്താവിക്കുകയുണ്ടായി. എത്ര പേരായിരുന്നു അവർ? മുന്നൂറ്റി പതിമൂന്ന് ധീരമുജാഹിദുകളടങ്ങിയ കഴിവുറ്റ സൈന്യമായിരുന്നില്ലെ അവർ? ഏത് സാധാരണക്കാരനും അറിയാവുന്ന വസ്തുതയാണിത്.

മക്കക്കാർക്കെതിരിൽ യുദ്ധത്തിന് തയ്യാറാണെന്ന് ഒരു മരച്ചുവട്ടിൽ വെച്ച് പ്രവാചകനോട് കരാറിലേർപ്പെട്ട സ്വഹാബികൾ, അല്ലാഹുവിന്റെ തൃപ്തിക്കർഹരായവരെന്ന് അവൻ തന്നെ പ്രഖ്യപിച്ച സ്വഹാബികൾ, ആ കരാറിന്റെ വരുംവരായ്കകളെ മുഴുവൻ നേരിടാൻ കെൽപുള്ള ഒരു സൈന്യമായിരുന്നു. യുദ്ധഭൂമിയിലിറങ്ങാൻ മാത്രം ശക്തരായ സൈന്യം. ആധികാരികമായ ചരിത്ര രേഖകളെ അടിസ്ഥാനമാക്കി പറഞ്ഞാൽ പ്രസ്തുത സംഘത്തിൽ 1400 മുഅ്മിനുകളാണ് ഉണ്ടായിരുന്നത്.

പ്രയാസങ്ങളും പ്രതിസന്ധികളും വായ്തുറന്നു നിൽക്കുന്ന സന്ദർഭത്തിലാണ് തബൂക്ക് യുദ്ധത്തിനൊരുങ്ങാൻ നബി(സ്വ) സ്വഹാബികൾക്ക് നിർദ്ദേശം നൽകിയത്. മടിയേതുമില്ലാതെ പ്രവാചക നിർദ്ദേശാനുസരണം യുദ്ധത്തിനിറങ്ങിയ അവരെ അല്ലാഹു പുകഴ്ത്തിയിട്ടുണ്ട്. അവരിലെ അപാകതകൾക്ക് മാപ്പു നൽകുകയും, അവരുടെ മേൽ കനിവും കരുണയും ചൊരിഞ്ഞു കൊടുക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു തന്നെ പ്രഖ്യാപിച്ചതാണക്കാര്യം. വൻശക്തിയായ റോമിനോടേറ്റുമുട്ടാൻ പ്രവാചകനോടൊപ്പം സഹായികളായി ഇറങ്ങിപ്പുറപ്പെട്ടവർ ഇരുകൈവിരലുകൾ കൊണ്ട് എണ്ണാവുന്നവർ മാത്രമായിരുന്നൊ? അതല്ല, അന്നത്തെ അതിശക്തരും അപകടകാരികളുമായിരുന്ന വൻരാഷ്ട്രത്തിലെ രണശൂരരായ ശത്രുക്കളോട് ഏറ്റുമുട്ടി വിജയം വരിക്കാൻ മാത്രം കെൽപ്പുള്ള മഹാ സൈന്യമായിരുന്നൊ? ചരിത്രം പറയുന്നു; അന്നേ ദിവസം അവർ മുപ്പതിനായിരം

ആളുകളുണ്ടായിരുന്നു. എന്നാൽ, അറിയപ്പെട്ട ഈ ചരിത്ര സത്യങ്ങളോട് അഹങ്കരിച്ചു നിൽക്കുന്ന റാഫിദീ സമൂഹം പറയുന്നു; സത്യത്തിൽ നിലകൊണ്ട സ്വഹാബികൾ മൂന്നുപേർ, ഏറിയാൽ പത്തുപേർ മാത്രമായിരുന്നു എന്ന്!! ശേഷിച്ചവരെ മുഴുവൻ കാഫിറുകളും മുർതദ്ദുകളുമായി മുദ്രകുത്തുകയാണ് അവർ ചെയ്യുന്നത്! സുബ്ഹാനല്ലാഹ്!

സ്വഹാബത്തിനെ സംബന്ധിച്ച് നാം പറഞ്ഞ വസ്തുതകൾക്ക്, കൃത്യതയാർന്ന പ്രബല രേഖകളായി നിലകൊള്ളുന്ന ഖുർആനിക വചനങ്ങൾക്കു മുന്നിൽ ഈ നുണയന്മാർക്ക് ഏത് നിലക്ക് പിടിച്ചു നിൽക്കാനാകും? പ്രവാചകാനുചരന്മാർക്കെതിരിൽ കുഫ്റും രിദ്ദത്തും ആരോപിക്കുക വഴി ഫലത്തിൽ ഖുർആനിനെത്തന്നെ സന്ദേഹസ്ഥാനത്തു നിർത്തുകയാണ് ഈ താന്തോന്നികൾ ചെയ്യുന്നത്. തങ്ങളുടെ വാദങ്ങളെ നിശിതമായി ഖണ്ഡിക്കുന്ന സൂക്തങ്ങളുണ്ട് എന്നതു കൊണ്ടു തന്നെയാകണം റാഫിദികളിലെ തീവ്രനിലപാടുകാർ വിശുദ്ധ ഖുർആനിൽ കൈകടത്തലുകൾ നടന്നിട്ടുണ്ട് എന്ന് വാദിക്കുന്നതും അത് സ്ഥാപിക്കാൻ നെടുനീളൻ ഗ്രന്ഥങ്ങൾ രചിച്ചു വെച്ചിട്ടുള്ളതും!

## ഭൂമിയിലെ ഭരണ സാരഥ്യവും, ചരിത്ര സാക്ഷ്യങ്ങളും

ഭൂമിയിലെ ഭരണസാരഥ്യവും, ആദർശമനുസരിച്ച് നിലകൊള്ളാനും ആദർശം പ്രചരിപ്പിക്കാനുമുള്ള സൗകര്യവും, സ്വസ്ഥതയോടെ ജീവിക്കാനാവശ്യമായ നിർഭയ സാഹചര്യങ്ങളും പ്രവാചകന്റെ വിശുദ്ധ സ്വഹാബത്തിന് നൽകുമെന്ന് അല്ലാഹു സുബ്ഹാനഹു വ തആല വാഗ്ദാനം നൽകിയതാണ്. ഖുർആൻ അത് കൃത്യമായി വ്യക്തമാക്കിയതുമാണ്.

﴿وعد الله الذين آمنوا منكُم وعملُوا الصالحات ليَستخلفَنهم في الْأَرض كَما استخلَف الذين من قَبلهم وليُمكنن لَهم دينهم الذي ارتضى لَهم وليُبدلَنهم من بعد خوفهم أَمنا يعبدونَنِي لَا يشركُونَ بِي شيئًا ومن كَفَر بعد ذَلك فَأُولَئك هم الْفَاسقُونَ﴾ (النور: 55)

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ. (നൂർ: 55)

മേലെ വായിച്ച ഖുർആനിക വാഗ്ദാനം പടച്ചതമ്പുരാൻ പാലിച്ചിട്ടുണ്ട് എന്നതാണ് ചരിത്രം. മക്കയും, ഖൈബറും, ബഹ്റൈനും, ജസീറത്തുൽ അറബിന്റെ മറ്റു പ്രദേശങ്ങളും യമൻ ഭൂമി മുഴുവനും ജയിച്ചു ഭരിക്കാൻ പ്രവാചകന്ന് അല്ലാഹു അവസരം നൽകി. ഹിജിറിലേയും ശാമിലെയും മജൂസികളിൽ നിന്ന് ജിസ്യ വാങ്ങി വരുതിയിൽ നിർത്താനും പ്രവാചകന്ന് സാധ്യമായി. വൻശക്തികളായിരുന്ന റോമിലെ രാജാവും, ഈജിപ്തിലെ മുഖൗഖിസും, ഒമാൻ ഭരണാധികാരികളും, അബ്സീനിയയിലെ നജ്ജാശിയും പ്രവാചകനുമായി സന്ധിയിലായി. ഇതൊക്കെത്തന്നെയും അല്ലാഹു വിശ്വാസികൾക്ക് നൽകിയ വാഗ്ദാനത്തിന്റെ പുലർച്ചയായി വേണം മനസ്സിലാക്കാൻ.

പ്രവാചകന്റെ വിയോഗാനന്തരം ഭരണകാര്യങ്ങളുമായി നിലകൊണ്ടത് ഖലീഫ അബൂബക്കറാ(റ)യിരുന്നു. പേർഷ്യൻ രാജ്യങ്ങളിലേക്ക് ഖാലിദ് ബ്നു വലീദി(റ)ന്റെ നേതൃത്വത്തിൽ അദ്ദേഹം മുസ്‌ലിം സൈന്യത്തെ നിയോഗിച്ചു. പേർഷ്യയുടെ പലഭാഗങ്ങളും ജയിച്ചടക്കാൻ ഖാലിദി(റ)ന് സാധിക്കുകയുണ്ടായി. അതേ സമയം, ശാമിന്റെ മണ്ണിലേക്ക് അബൂ ഉബൈദ(റ)യുടെ കീഴിൽ മറ്റൊരു സൈന്യത്തേയും ഖലീഫ നിയോഗിക്കുകയുണ്ടായി. ബസ്റയും ദമാസ്കസും അദ്ദേഹത്തിന് ജയിച്ചടക്കാനായി. മൂന്നാമതായി അംറുബ്നുൽ ആസ്വി(റ)ന്റെ നേതൃത്വത്തിൽ ഈജിപ്തിലേക്കായിരുന്നു അബൂബക്കർ(റ) സൈന്യത്തെ നിയോഗിച്ചത്. ചുരുക്കത്തിൽ, ഇസ്‌ലാമിക രാഷ്ട്രത്തിന്റെ വ്യാപനത്തിന് വഴിയൊരുക്കിയിട്ടാണ് അല്ലാഹു അദ്ദേഹത്തെ തിരിച്ചു വിളിച്ചത്.

രണ്ടാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത് ഉമർ ബിനുൽ ഖതാബ്(റ) ആയിരുന്നു. ഏൽപിക്കപ്പെട്ട ഭരണ സാരഥ്യം ഭംഗിയായി നിർവഹിച്ച ഖലീഫയായിരുന്നു അദ്ദേഹം. തീരുമാനശേഷിയിലും, നീതിനിർവഹണത്തിലും, സ്വഭാവനിഷ്ഠയിലും കഴിവുറ്റ ഭരണാധികാരിയായിരുന്നു അമീറുൽ മുഅ്മിനീൻ ഉമർ(റ). ശാമിന്റെ മണ്ണ് പൂർണ്ണമായും അധീനതയിലായതും, ഈജിപ്തിന്റെ അവശേഷിച്ച പ്രദേശങ്ങളും, പേർഷ്യയുടെ ഭൂരിഭാഗം ഭരണകേന്ദ്രങ്ങളും മുസ്‌ലിംകൾക്ക് ജയിച്ചു കിട്ടിയതും ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു. കിസ്റ, ഖൈസർ രാജാക്കന്മാരെ തകർത്തതും

അവരുടെ അധികാരശക്തിയെ തളർത്തിയതും, പിന്നീട് കോൺസ്റ്റാന്റിനോപ്പ്ളിലേക്ക് കടന്ന് അവിടം ജയിച്ചടക്കിയതും ഉമർ ബ്നുൽ ഖത്താബിന്റെ ഭരണകാലത്തു തന്നെ. ജയിച്ചടക്കിയ ദേശങ്ങളിൽ നിന്ന് ലഭിച്ച മുതലുകൾ ദൈവമാർഗത്തിൽ ചെലവഴിക്കുകയായിരുന്നു അദ്ദേഹം ചെയ്തിരുന്നത്.

ഉസ്മാൻ ബ്നു അഫ്ഫാന(റ)യിരുന്നു മൂന്നാം ഖലീഫയായി നിയോഗിതനായത്. ഇദ്ദേഹത്തിന്റെ കാലത്താണ് ഇസ്ലാമിക സാമ്രാജ്യത്തിന്റെ വളർച്ച അതിന്റെ പരമകാഷ്ഠ പ്രാപിച്ചത്. പടിഞ്ഞാറൻ രാജ്യങ്ങളിൽ പരമാവധിയും, സൈപ്രസ്, ഖൈറുവാൻ തുടങ്ങിയ രാഷ്ട്രങ്ങളും ഉസ്മാനി(റ)ന്റെ വിജയങ്ങളിൽപെട്ടതാണ്. കിഴക്കൻ മേഖലയിലൂടെയുള്ള മുന്നേറ്റം ഇസ്ലാമിക ഭരണത്തിന്റെ വിസ്തൃതി ചൈന വരേക്ക് വ്യാപിക്കാനും അദ്ദേഹത്തിന് സാധിച്ചു. കിസ്റ വധിക്കപ്പെട്ടതും അയാളുടെ രാജാധിപത്യം പാടെ തുടച്ചുനീക്കപ്പെട്ടതും മൂന്നാം ഖലീഫയുടെ നേട്ടങ്ങളിൽ പ്രമുഖമാണ്. ഇറാഖിയൻ പട്ടണങ്ങളും, ഖുറാസാൻ, അഹ്വാസ് പ്രദേശങ്ങളും മുസ്ലിംകളുടെ കൈപിടിയിലൊതുങ്ങിയതും ഈ കാലത്തു തന്നെ. കിഴക്കു നിന്നും പടിഞ്ഞാറുനിന്നും അമീറുൽ മുഅ്മിനീനിന്റെ ഭരണസിരാകേന്ദ്രത്തിലേക്ക് നികുതിപ്പണം ഒഴുകിയെത്തി. വായിച്ചും പഠിച്ചും പാലിച്ചും ഖുർആനുമായി ഒട്ടിനിന്നപ്പോൾ, ഖുർആനികാധ്യാപനങ്ങളിൽ സമൂഹാംഗങ്ങളെ ഐക്യപ്പെടുത്തി നിർത്തിയപ്പോൾ അല്ലാഹുവിൽനിന്ന് അദ്ദേഹത്തിന് ലഭിച്ച അനുഗ്രഹങ്ങളായിരുന്നു മേലെക്കണ്ട ഭൗതിക നേട്ടങ്ങളൊക്കെ.

ഈ മഹൽ വിജയങ്ങളുടെ പിന്നിലെ യഥാർഥ രഹസ്യമെന്തായിരിക്കാം? മറ്റൊന്നുമല്ല; പ്രഥമമായി അവർ കറകളഞ്ഞ വിശ്വാസികളും, സൽകർമ്മ നിരതരും, പത്തരമാറ്റുള്ള മുവഹിദുകളുമായിരുന്നു എന്നതു തന്നെ. അല്ലാഹുവിന്റെ സാക്ഷ്യമുണ്ടതിന്ന്:

﴿وعد الله الذين آمنوا منكُم وعملُوا الصالحات ليَستخلفَنهم في الْأرض كما استخلَف الذين من قَبلهم﴾ النور: 55

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുന്നതാണ്. (നൂർ: 55)

പ്രവാചക കാലഘട്ടത്തിനു ശേഷവും മുസ്ലിംകൾക്കുണ്ടായ ഈ വിസ്തൃതമായ വിജയങ്ങൾ നാലു ഖലീഫമാരുടേയും ഭരണ സാധുതക്കുള്ള രേഖയായി വേണം മനസ്സിലാക്കാൻ. എന്തു കൊണ്ടെന്നാൽ നബി(സ്വ)യുടെ സവിധത്തിൽ വിശ്വാസികളായും സാത്വികരായും ജീവിച്ച മുഅ്മിനുകൾക്ക് ഭൂമിയിൽ പ്രാതിനിധ്യം നൽകുമെന്ന വാഗ്ദാനം അല്ലാഹു തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഭരണപ്രാതിനിധ്യം പ്രവാചകനു ശേഷമാണ് ഉണ്ടാവുക എന്നതു കൊണ്ടും, തിരുമേനിക്ക് ശേഷം മറ്റൊരു നബിയുടെ ആഗമനം ഉണ്ടാവുകയില്ല എന്നതു കൊണ്ടും പ്രസ്തുത വാഗ്ദാനത്തിനർഹർ ഈ സച്ചരിത സമൂഹമായിരുന്നു എന്ന കാര്യത്തിൽ സംശയത്തിനു വകയില്ല. പ്രവാചക തിരുമേനി(സ്വ)യുടെ വേർപാടിനുശേഷവും, അബൂബക്കറി(റ)ലൂടേയും, ഉമറി(റ)ലൂടേയും, ഉസ്മാനി(റ)ലൂടേയും അനുസ്യൂതമായി നിലനിന്ന ഖിലാഫത്ത് മുസ്ലിം ഉമ്മത്തിന്റെ ഇമാമുകളാകാനുള്ള അവരുടെ യോഗ്യതക്കുള്ള തെളിവാണ്. അവരുടെ ഭരണ കാലത്തായിരുന്നു വല്ലൊ -അല്ലാഹു പറഞ്ഞതു പോലെ- മഹത്തായ വിജയങ്ങളും, ഭൂമിയിലെ സ്വാധീനങ്ങളും മുസ്ലിംകൾക്ക് കൈവന്നത്. അവരുടെ കാലത്തു തന്നെയായിരുന്നുവല്ലൊ ഇസ്ലാമിന്റെ വെൺപതാകകൾ ലോകമെമ്പാടും പാറിപ്പറന്നതും നിർഭയാന്തരീക്ഷം ലോകജനതക്ക് കൈവന്നു കിട്ടിയതും!

പടച്ചതമ്പുരാൻ തൃപ്തിപ്പെട്ടു നൽകിയ, പ്രബോധന പ്രചരണങ്ങൾക്കായി ഭൂമുഖത്ത് സ്വാധീനം നൽകിയ വിശുദ്ധ ദീനിനെ ശരിയാംവണ്ണം പ്രതിനിധാനം ചെയ്തവരായിരുന്നു സച്ചരിതരായ സ്വഹാബത്ത്. ദൈവിക വാഗ്ദാനത്തിന്റെ പുലർച്ചയായിരുന്നു ഇതും. അല്ലാഹു പറഞ്ഞില്ലെ:

﴿ولَيمكنن لَهم دينهم الذي ارتضى لَهم﴾ (النور: 55)

അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുന്നതാണ്. (നൂർ: 55)

ഇനിയാണ് നമുക്ക് ചിന്തിക്കാനുള്ളത്. ആരുടെ കൈകളിലൂടെയാണൊ ഇസ്ലാമിന് മഹത്തായ വിജയങ്ങൾ കൈവന്നത്, ആരുടെ കർമ്മങ്ങളിലൂടെയാണൊ അല്ലാഹുവിന്റെ വാഗ്ദാനം പുലർന്നു കണ്ടത് ആ ഖുലഫാഉകൾ, അല്ലാഹുവിനേയും, അവന്റെ റസൂലിനേയും, മുഴുവൻ മുഅ്മിനുകളേയും വഞ്ചിച്ചവരായിരുന്നൊ?! പടച്ചവനേയും പ്രവാചകനേയും നിഷേധിച്ച് കാഫിറായിത്തീർന്നവരായിരുന്നോ?! അവർ പ്രചരിപ്പിച്ച ദീനും അവരുയർത്തിയ ഖുർആനും മറ്റൊരിസ്ലാമും മറ്റൊരു മുസ്ഹഫുമായിരുന്നൊ?! വിവേകമതികൾക്ക് പറയാനുള്ളത് ഒന്നുമാത്രം: അല്ലാഹു പരിശുദ്ധൻ, പ്രതിയോഗികളുടെ ജൽപനങ്ങൾ പച്ചക്കള്ളം മാത്രമാണ്!